പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1619 | 13.06.2014 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി ട്രെയിനിംഗ് സെന്ററുകളിലെ ജീവനക്കാർ | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര അംഗൻവാടി ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത സെന്ററുകളിൽ ജോലി ചെയ്തുവരുന്ന എത്രപേരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വ്യക്തമാക്കുമോ? | (എ) & (ബി) അങ്കണവാടി പ്രവർത്തകരുടെ പരിശീലനത്തിനായി സംസ്ഥാനത്ത് 14 അങ്കണവാടി പരിശീലന കേന്ദ്രങ്ങളും ഐ.സി.ഡി.എസ്സ് സൂപ്പർവൈസർമാരുടെ പരിശീലനത്തിനായി 1 മിഡിൽ ലെവൽ ട്രെയിനിംഗ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. അവയിൽ 10 എണ്ണം സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലും ശേഷിക്കുന്നവ ഓരോ സന്നദ്ധ സംഘടനകൾക്ക് കീഴിലുമാണ്. സന്നദ്ധസംഘടനകൾ നടത്തുന്ന കേന്ദ്രങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നത് അതാതു സംഘടനകൾ ആണ്. ശിശുക്ഷേമസമിതിയിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ